**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 5548 **25.10.2011 ൽ** മറുപടിയ്ക്ക്

<u>പട്ടുവം ഐ.എച്ച്.ആർ.ഡി.കോളേജ് കെട്ടിട നിർമ്മാണം</u>

**ചോദ്യം**
**ശ്രീ.ജെയിംസ് മാത്യു**

**ഉത്തരം**
**ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്**
**(മരാമത്ത് വകുപ്പ് മന്ത്രി)**

| ചോദ്യം | ഉത്തരം |
|---|---|
| എ) പട്ടുവം ഐ.എച്ച്.ആർ.ഡി.കോളേജിന്റെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ഭരണാനുമതി നൽകിയ പ്രവൃത്തി നടപ്പിലാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ ; | എ) പട്ടുവം ഐ.എച്ച്.ആർ.ഡി.കോളേജിന്റെ മൂന്നുനില കെട്ടിടത്തിന്റെ താഴെത്തെ നില പണിയുന്നതിനായി 50 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. |
| ബി) ഭരണാനുമതി നൽകികൊണ്ടുള്ള ഉത്തരവ് പൊതുമരാമത്ത് വകുപ്പിന് എന്നാണ് ലഭിച്ചത് ; എത്ര ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നല്കിയിരുന്നത് ; | ബി) 22-06-2010 ൽ; 50 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നല്കിയിരിക്കുന്നത്. |
| സി) വിശദമായ എസ്റ്റിമേറ്റ് തുക എത്രയാണ് ; ഇത് ഭരണാനുമതി നൽകിയ തുകയിൽ അധികരിച്ചെങ്കിൽ റിവൈസ്ഡ് എ.എസ് നായി ഐ.എച്ച്.ആർ.ഡി.ക്ക് നല്കിയിരുന്നുവോ ; നല്കിയിരുന്നുവെങ്കിൽ എന്നാണെന്നറിയിക്കുമോ ; | സി) താഴത്തെ നിലയുടെ മാത്രം വിശദമായ എസ്റ്റിമേറ്റ് 2010 ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം തയ്യാറാക്കിയപ്പോൾ 80 ലക്ഷം രൂപയായി. പുതുക്കിയ ഭരണാനുമതിയ്ക്കായി 19-8-2011 ൽ റിവൈസ്ഡ് എസ്റ്റിമേറ്റ് ഐ.എച്ച്.ആർ.ഡി.ക്ക് ചീഫ് എഞ്ചിനീയർ (കെട്ടിട വിഭാഗം) നൽകിയിട്ടുണ്ട്. |
| ഡി) റിവൈസ്ഡ് എ.എസ് നല്കി ഐ.എച്ച്.ആർ.ഡി.എന്നാണ് തിരിച്ചു നൽകിയത് ; പുതുക്കിയ ഭരണാനുമതി ലഭിച്ചെങ്കിൽ പ്രവൃത്തി ടെണ്ടർ ചെയ്തുവോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; എന്നേക്ക് ടെണ്ടർ നടപടി പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കും ? | ഡി) പുതുക്കിയ ഭരണാനുമതി ലഭിച്ചിട്ടില്ല. റിവൈസ്ഡ് ഷെഡ്യൂൾ ഓഫ് റേറ്റ് 2010 നിലവിൽ വന്നതിനാൽ പുതുക്കിയ നിരക്കിൽ അടങ്കൽ തുകയ്ക്ക് ഭരണാനുമതി ലഭിക്കുകയും അത്രയും തുക പൊതുമരാമത്ത് വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്യുകയും ചെയ്താൽ ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**